**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3225** **26-06-2024 - ൽ മറുപടിയ്ക്ക്**

**മരാമത്ത് വർക്കിംഗ് കലണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പണികൾക്കായി വർക്കിംഗ് കലണ്ടർ തയ്യാറാക്കുന്ന പ്രഖ്യാപനം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സമയക്രമം നിശ്ചയിക്കുക എന്ന ലക്ഷ്യത്തോടെയാണ് വർക്കിംഗ് കലണ്ടറിന് രൂപം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത്. ഭരണാനുമതി, സാങ്കേതിക അനുമതി, ടെൻഡർ പ്രവൃത്തി ആരംഭിക്കൽ തുടങ്ങിയ നടപടി ക്രമങ്ങൾ സമയബന്ധിതമാക്കുകയാണ് വർക്കിംഗ് കലണ്ടറിലൂടെ ഉദ്ദേശിക്കുന്നത്. ധനകാര്യവകുപ്പിന്റേത് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാകുന്ന മുറക്ക് വർക്കിംഗ് കലണ്ടർ പ്രസിദ്ധീകരിക്കും. എന്നാൽ വർക്കിംഗ് കലണ്ടറുമായി ബന്ധപ്പെട്ട പ്രവൃത്തി ക്രമീകരണം നിലവിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നടത്തി തുടങ്ങി. പ്രധാനമായും നിരത്ത് വിഭാഗം പ്രവൃത്തികളിലാണ് ഈ ക്രമീകരണം സാധ്യമാകുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരത്ത് വിഭാഗത്തിലെ പദ്ധതികൾക്ക് നിശ്ചിത സമയത്തിനകം നിലവിൽ ഭരണാനുമതി നൽകുന്നുണ്ട്. ഇവയുടെ സാങ്കേതിക അനുമതിയും കൃത്യമായി നൽകുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി നിശ്ചിത സമയത്ത് പ്രവൃത്തി ആരംഭിക്കാനും സാധിക്കുന്നുണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന തടസ്സങ്ങൾ പ്രവൃത്തി നടത്തിപ്പിനെ ബാധിക്കാറുണ്ട്. |
| (ബി) | വർക്കിംഗ് കലണ്ടർ സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് എന്നാണെന്നും നാളിതുവരെ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി വർക്കിംഗ് കലണ്ടർ നടപ്പാക്കുന്നതിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സമയക്രമം നിശ്ചയിക്കുക എന്ന ലക്ഷ്യത്തോടെയാണ് വർക്കിംഗ് കലണ്ടറിന് രൂപം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത്. ഭരണാനുമതി, സാങ്കേതിക അനുമതി, ടെൻഡർ പ്രവൃത്തി ആരംഭിക്കൽ തുടങ്ങിയ നടപടി ക്രമങ്ങൾ സമയബന്ധിതമാക്കുകയാണ് വർക്കിംഗ് കലണ്ടറിലൂടെ ഉദ്ദേശിക്കുന്നത്. ധനകാര്യവകുപ്പിന്റേത് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാകുന്ന മുറക്ക് വർക്കിംഗ് കലണ്ടർ പ്രസിദ്ധീകരിക്കും. എന്നാൽ |

| | | | |
|---|---|---|---|
| | | | വർക്കിംഗ് കലണ്ടറുമായി ബന്ധപ്പെട്ട പ്രവൃത്തി ക്രമീകരണം നിലവിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നടത്തി തുടങ്ങി. പ്രധാനമായും നിരത്ത് വിഭാഗം പ്രവൃത്തികളിലാണ് ഈ ക്രമീകരണം സാധ്യമാകുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരത്ത് വിഭാഗത്തിലെ പദ്ധതികൾക്ക് നിശ്ചിത സമയത്തിനകം നിലവിൽ ഭരണാനുമതി നൽകുന്നുണ്ട്. ഇവയുടെ സാങ്കേതിക അനുമതിയും കൃത്യമായി നൽകുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി നിശ്ചിത സമയത്ത് പ്രവൃത്തി ആരംഭിക്കാനും സാധിക്കുന്നുണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന തടസ്സങ്ങൾ പ്രവൃത്തി നടത്തിപ്പിനെ ബാധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ